


പാലക്കാട് മേഴ്സി കോളജിൽ വിശ്വാസ് നടത്തിയ സെമിനാറിൽ നൈജീരിയൻ ലോഗോസ് സർവകലാശാലയിലെ സാമൂഹിക ശാസ്ത്രജ്ഞൻ ഡോ. ജോൺസൺ അയോഡെലെ പ്രസംഗിക്കുന്നു.

# മേഴ്സി കോളജിൽ വിശ്വാസ് സെമിനാർ നടത്തി

പാലക്കാട് ● സാമൂഹിക ക്ഷേമത്തിലധിഷ്ഠിതമായ വിദ്യാഭ്യാസം വഴി മനുഷ്യസംസ്കാരത്തെ സമ്പുഷ്ടമാക്കാൻ സാധിക്കുമെന്ന് നൈജീരിയൻ ലോഗോസ് സർവകലാശാലയിലെ സാമൂഹികശാസ്ത്രജ്ഞൻ ഡോ. ജോൺസൺ അയോഡെലെ. വിശ്വാസ് മേഴ്സി കോളജ് സാമൂഹിക ശാസ്ത്ര വകുപ്പിന്റെ സഹകരണത്തോടെ നടത്തിയ സെമിനാറിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

സാമൂഹിക ക്ഷേമ വിദ്യാർഥികൾക്കായി വിശ്വാസം ആരംഭിച്ച വൊളന്റിയർ ഗ്രൂപ്പ് ജില്ലാ കലക്ടർ പി.മേരിക്കുട്ടി ഉദ്ഘാടനം ചെയ്തു.

വിശ്വാസ് സെക്രട്ടറി അഡ്വ. പി.പ്രേംനാഥ് അധ്യക്ഷത വഹിച്ചു. വി.പി.കുര്യാക്കോസ്, എസ്.ശാന്താദേവി, ഫാ.ഡോ.ജോസ്പോൾ, ടി.പി.കൃഷ്ണകുമാർ, പ്രഫുല്ലദാസ്, അനുപമ, ദീപ, എം.എസ്.സൗമ്യ എന്നിവർ പ്രസംഗിച്ചു. ധോണി ലീഡ് കോളജ് ഓഫ് മാനേജ്മെന്റിൽ നടത്തിയ സെമിനാറിൽ സാമൂഹിക വികസനത്തിൽ മാനേജ്മെന്റ് വിദ്യാർഥികളുടെ പങ്ക് വിഷയത്തിലും ഡോ. ജോൺസൺ അയോഡെലെ ക്ലാസെടുത്തു. കോളജ് ചെയർമാൻ ഡോ.തോമസ് ജോർജ് അധ്യക്ഷത വഹിച്ചു.

# Seminar Held at Mercy College

**Express News Service**

**Palakkad:** The social welfare education which is an important part of social science should be able to enrich the culture of every country, social scientist from Nigeria Dr Johnson Ayodel has said. He was speaking at a seminar organised by Viswas with the cooperation of the Social Welfare Department at the Mercy College auditorium here on Saturday.




**Social scientist from Nigeria Dr Johnson Ayodel speaking at a seminar organised at the Mercy College auditorium in Palakkad on Saturday**

Johnson Ayodel said that it was only through planned social engineering that real social change could be brought about in society. Among those who were present included District Collector P Marykutty.

# മനുഷ്യസംസ്കാരത്തെ സമ്പുഷ്ടമാക്കാൻ സാമൂഹ്യക്ഷേമ വിദ്യാഭ്യാസത്തിന് കഴിയണം -ഡോ. ജോൺസൺ അയൊഡെലെ

പാലക്കാട്: സാമൂഹ്യക്ഷേമ വിദ്യാഭ്യാസത്തിന് മനുഷ്യസംസ്കാരത്തെ സമ്പുഷ്ടമാക്കാൻ കഴിയണമെന്ന് നൈജീരിയൻ സാമൂഹ്യശാസ്ത്ര വിദഗ്ധൻ ഡോ. ജോൺസൺ അയൊഡെലെ അഭിപ്രായപ്പെട്ടു.

ഇരകളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വിശ്വാസ് മേഴ്സി കോളേജ് സാമൂഹ്യശാസ്ത്രവകുപ്പിന്റെ സഹകരണത്തോടെ നടന്ന അന്തർദേശീയ സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

വ്യക്തികളുടെ പരിണാമത്തിന് സാമൂഹ്യ സ്ഥാപനങ്ങൾക്ക് വലിയൊരു പങ്കുണ്ടെന്നും കൃത്യമായ സാമൂഹ്യ ആസൂത്രണത്തിലൂടെ മാത്രമേ മാറ്റം സാധ്യമാവുകയുള്ളൂവെന്നും അദ്ദേഹം പറഞ്ഞു.



വിശ്വാസിന്റെ ആഭിമുഖ്യത്തിൽ മേഴ്സി കോളേജിൽ നടത്തിയ സെമിനാറിൽ ഡോ. ജോൺസൺ അയോഡെലെ മുഖ്യപ്രഭാഷണം നടത്തുന്നു

മേഴ്സി കോളേജിലെ സാമൂഹ്യക്ഷേമ വിദ്യാർഥികളെ ഉൾപ്പെടുത്തി ആരംഭിച്ച 'വിശ്വാസ്' വളണ്ടിയർ ഗ്രൂപ്പിന്റെ ഉദ്ഘാടനം കളക്ടർ പി. മേരിക്കുട്ടി നിർവഹിച്ചു. വിശ്വാസ് വൈസ് പ്രസിഡന്റുമാരായ വി.പി. കുര്യാക്കോസ്, അഡ്വ. എസ്. ശാന്താദേവി, ഡോ. ജോസ് പോൾ, ചാത്തംകുളം ബിസിനസ് സ്കൂൾ പ്രിൻസിപ്പൽ ടി.പി. കൃഷ്ണകുമാർ, പ്രഫുല്ലദാസ്, അനുപമ, കോളേജിലെ സാമൂഹ്യശാസ്ത്രവിഭാഗമേധാവി ദീപ, സൗമ്യ എം.എസ്. എന്നിവർ പ്രസംഗിച്ചു.

തുടർന്ന്, ലീഡ് കോളേജ് ഓഫ് മാനേജ്മെന്റിൽ 'സാമൂഹ്യവികസനത്തിൽ മാനേജ്മെന്റ് വിദ്യാർഥികളുടെ പങ്ക്' എന്ന വിഷയത്തിൽ നടത്തിയ സെമിനാറിലും മുഖ്യപ്രഭാഷണം നടത്തി. ലീഡ് ചെയർമാൻ ഡോ. തോമസ് ജോർജ് അധ്യക്ഷത വഹിച്ചു. . 31ന് വൈകീട്ട് ഏഴിന് വിശ്വാസ് കുടുംബസംഗമത്തിലും പങ്കെടുക്കും.

## ക്ഷേത്രോത്സവം